# വചന വിചിന്തനം : ജൂൺ 14 ഞായർ, 2009

വി. ലൂക്ക. 10: 25–37

## നല്ല സമരിയാക്കാരൻ

മുറിവേറ്റു വഴിയിൽ കിടക്കുന്ന മനുഷ്യനെ കണ്ടപ്പോൾ മനസ്സലിവു തോന്നി, സ്നേഹത്തിന്റെ എണ്ണ പുരട്ടി അവന്റെ മുറിവുണക്കാൻ ശ്രമിക്കുന്ന, അഭയത്തിന് ഇടമൊരുക്കി അവനെ സാന്ത്വനപ്പെടുത്തുന്ന, അരികിലായ് താനുണ്ട് എന്ന ഓർമ്മപ്പെടുത്തലിലൂടെ അവനു സൗഖ്യത്തിന്റെ ശുശ്രൂഷകനായി മാറുന്ന നല്ല സമരിയാക്കാരൻ. ഈ കഥ പറയുമ്പോൾ പശ്ചാത്തലമായി ഈശോ അവതരിപ്പിക്കുന്നത് ചരിത്രപരമായ ഒരു ക്യാൻവാസാണ് – ജറുസലെമിൽ നിന്ന് ജറീക്കോയിലേക്കുള്ള റോഡ്:

ജെറിക്കോ സമുദ്ര നിരപ്പിൽ നിന്ന് 1500 അടി താഴെ. ജറുസലേം 2300 അടി ഉയരത്തിലുള്ള ഒന്ന്. ഇവയെ ബന്ധിപ്പിക്കുന്ന 20 മൈലോളം ദൂരമുള്ള വഴി– ചെങ്കുത്തായ, ദുർഘടമായ പാത. ഭൂമിശാസ്ത്രപരമായ ഈ സാഹചര്യങ്ങളെ മുതലെടുത്ത് പിടിച്ചുപറിക്കാരുടെയും കൊള്ളക്കാരുടെയും വിഹാര രംഗമായി മാറി ഈ പാതവക്കുകൾ. അതുകൊണ്ടുതന്നെ ഭയപ്പാടോടുകൂടി മാത്രമേ ഈ വഴിയിൽ കൂടി യാത്രക്കാർക്ക് സഞ്ചരിക്കാനാവൂ എന്നതായിരുന്നു കാലിക യാഥാർത്ഥ്യം.

ഈ കഥയിലെ, കഥാപാത്ര വിശകലനത്തിലൂടെയാണ് ഈശോ തന്റെ സന്ദേശം നല്കുന്നത്.

യാത്രക്കാരനായ യഹൂദൻ. ഈ വഴിയുടെ ഭയപ്പെടുത്തുന്ന സാഹചര്യങ്ങളെ മനസ്സിലാക്കാതെ തനിയെ സഞ്ചരിക്കാൻ തയ്യാറായവൻ. കൊള്ളക്കാരുടെ കൈകളിൽപ്പെട്ട് മുറിവേറ്റു നിസ്സഹായനായി വഴിയിൽ ഉപേക്ഷിക്കപ്പെട്ടവൻ. കഥയിലെ വില്ലൻ കഥാപാത്രങ്ങളാണ് ഒരു പക്ഷെ പുരോഹിതനും ലേവായനും.

അഹറോന്റെ വംശത്തിൽ ജനിക്കുന്നവരൊക്കെ പുരോഹിതരായിരുന്നു. അതുകൊണ്ടുതന്നെ പുരോഹിതരുടെ സംഖ്യകൂടി. ഈ സാഹചര്യത്തിൽ എല്ലാവർക്കും ശുശ്രൂഷചെയ്യാൻ സാധിക്കുന്ന വിധം അഹറോന്റെ വംശത്തെ 24 പുരോഹിത ഗണങ്ങളായി തിരിച്ച് ആണ്ടുവട്ടത്തിൽ രണ്ടാഴ്ച വീതം ശുശ്രൂഷ ഏല്പ്പിച്ചു. നറുക്കിട്ടാണ് തിരഞ്ഞെടുപ്പ്. അതുകൊണ്ട് പുരോഹിത ശുശ്രൂഷയ്ക്ക് കിട്ടുന്ന രണ്ടാഴ്ച അവരെ സംബന്ധിച്ച് ഏറെ വിലപ്പെട്ടതാണ്. പക്ഷെ ശുശ്രൂഷയുടെ നിയമങ്ങളിൽ ചില വിലക്കുകളുണ്ടായിരുന്നു. മൃതനെ സ്പർശിച്ചാൽ പിന്നെ അവൻ 7 ദിവസത്തേക്ക് അശുദ്ധനായിരിക്കും (സംഖ്യ. 19:11).

അങ്ങനെയുള്ള ഒരു പുരോഹിതൻ ശുശ്രൂഷയ്ക്കായി ദേവാലയത്തിലേക്ക് പോകുമ്പോൾ വഴിയരികിൽ മുറിവേറ്റു കിടക്കുന്നവൻ, യഥാർത്ഥത്തിൽ മുറിവേറ്റവനാണോ, അതോ മരിച്ചവനാണോ എന്ന ആശങ്ക പുരോഹിതന്! ഇനി അവൻ മരിച്ചവനാണെങ്കിൽ അവനെ സ്പർശിച്ചാൽ പുരോഹിത ശുശ്രൂഷ മുടങ്ങുമല്ലോ എന്നു കരുതി വഴിമാറിപോകുന്നവൻ...

ലേവായൻ ദേവാലയം ശുശ്രൂഷിയാണ്. ദേവാലയത്തിലെ ശുശ്രൂഷയ്ക്ക് രംഗമൊരുക്കുന്നവൻ. അവന്റെ ആശങ്ക മറ്റൊരു തരത്തിലാണ്. മുറിവേറ്റു വഴിയിൽ കിടക്കുന്നവനെ കണ്ടപ്പോൾ, യഥാർത്ഥത്തിൽ സഹായമർഹിക്കുന്നവനാണോ അവൻ, അതോ മുറിവേറ്റതു

പോലെ അഭിനയിച്ചു കിടക്കുന്ന കവർച്ചക്കാരനാണോ അത് (അങ്ങനെയുള്ള കവർച്ചക്കാരുടെ ചെയ്തികളും ആ കാലത്ത് കുപ്രസിദ്ധമായിരുന്നു) എങ്കിൽ, അടുത്തു ചെല്ലുമ്പോൾ അയാൾ തന്നെ ആക്രമിച്ചാലോ, എന്തിനു ഒരു risk എടുക്കണം എന്നു കരുതി വഴിമാറിപ്പോകുന്നവൻ ലേവായൻ.

കഥാനായകൻ സമരിയാക്കാരനാണ്. ഇതും ഒരു ചരിത്രത്തിന്റെ കണ്ണാടിയിലൂടെ കാണേണ്ടതാണ്. അക്കാലത്ത് സമരിയാക്കാരും യഹൂദരും തമ്മിൽ ശത്രുതയിലായിരുന്നു എന്നതാണ് വ്യാഖ്യനമർഹിക്കുന്ന പ്രസ്താവന.

റഹോബോവാം രാജാവിന്റെ കാലത്ത് ഇസ്രായേൽ രണ്ടായി വിഭജിക്കപ്പെട്ടു. തെക്കൻ രാജ്യമായി സമറിയ. B.C.720 ൽ അസ്സീറിയാക്കാരുടെ അധിനിവേശത്തോടെ സമരിയാക്കാർ അവരുമായി സമ്പർക്കത്തിലായി. വിജാതിയരായ അസ്സീറിയാക്കാരുമായി വിവാഹ ബന്ധമുൾപ്പെടെയുള്ള പങ്കുചേരലിൽ സമരിയാക്കാർ അവരുടെ വംശശുദ്ധി നഷ്ടമാക്കി. ഇത് ഇസ്രായേൽക്കാർക്ക് സഹിക്കാനായില്ല. അന്നു മുതൽ യഹൂദന് സമരിയാക്കാരോട് അമർഷമായി.

ഇതാണ് കഥാഗതിയുടെ പ്രധാന ധ്വനി. യഹൂദൻ, വംശശുദ്ധിയിലും ദൈവിക നിയമത്തിലും ഏറെ ശ്രദ്ധയുള്ളവൻ. ദൈവത്തോട് ഏറെ അടുപ്പമുള്ളവൻ. എന്നാൽ സമറിയാക്കാരൻ ശുദ്ധിയുടെയോ നിയമത്തിന്റെയോ തേജസ്സില്ലാത്തവൻ.

പക്ഷെ ഈ സമറിയാക്കാരനാണ് മുറിവേറ്റവനോട് അനുകമ്പതോന്നി ശുശ്രൂഷിക്കുന്നത്. യഹൂദരായ പുരോഹിതനോ ലേവായനോ അതിന് തയ്യാറായില്ല.

ദൈവികതയും മതാത്മകതയും പുറംതോടിലേ വിശുദ്ധിയിലോ അനുഷ്ഠാനത്തിന്റെ ആധിക്യത്തിലോ അല്ല, മാനവികതയുടെയും സ്നേഹത്തിന്റെയുമൊക്കെ ഭാവങ്ങളിലാണ് പ്രകാശിക്കുന്നത് എന്ന ക്രിസ്തു സന്ദേശമാണ് ഈ കഥയുടെ സൗന്ദര്യം. നീയും പോയി അതുപോലെ ചെയ്യുക!

ഈ വഴിത്താരവിട്ട്, കുടുംബങ്ങളിലേക്കും നല്ല സമരിയാക്കാരൻ വിരുന്നു വരേണ്ടതുണ്ട് എന്ന കാലിക യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട് വേണം ഈ ചിന്ത പൂർണ്ണമാകേണ്ടത്.

നിന്റെ ഭവനത്തിലും നിന്റെ കൂട്ടത്തിലുമുണ്ട് മുറിവേറ്റവർ.... മനസ്സുപിടയുന്നവർ, തെറ്റിദ്ധരിക്കപ്പെടുന്നവർ, സ്നേഹത്തിനു വേണ്ടി കെഞ്ചുന്നവർ മുറിപ്പാടുകളുടെ അനുഭവങ്ങൾ നീളുകയാണ് ഇന്ന്.

അവർക്ക് ഒരു നല്ല സമരിയാക്കാരനാവണം നീ. അവരുടെ മുറിവു വച്ചുക്കെട്ടുന്നവൻ... അവർക്കായ് സ്വാന്തനത്തിന്റെ സത്രമൊരുക്കുന്നവൻ.

ഒരുപക്ഷെ, നിശബ്ദ നൊമ്പരങ്ങളുടെ ഉമിത്തീയിലെരിയുന്ന നിന്റെ ജീവിത പങ്കാളി, മക്കൾ, വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കൾ..... അവരുടെ മുറിവുകൾ ഉണക്കാൻ... അവരെ സ്നേഹത്തോടെ ഒന്നു പരിചരിക്കാൻ, ശ്രദ്ധിക്കാനായാൽ... നീയും നല്ല സമരിയാക്കാരനായി.

**ഫാ. അലക്സ് വേലാച്ചേരി**